നിറവ് പദ്ധതി

111 (1512) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയിലേക്ക് നിയോജക മണ്ഡലങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുനലൂർ മണ്ഡലത്തെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചും ആവശ്യകത അനുസരിച്ചുമാണ് നിറവ് പദ്ധതിയിലേക്ക് നിയോജക മണ്ഡലങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ബി) ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭൂമി

112 (1513) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീമേനി ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര ഏക്കർ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂമിയിൽ വലിയൊരു ശതമാനം ഇപ്പോഴും തരിശിട്ട കിടക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ)
1) കാസർഗോഡ് എസ്റ്റേറ്റ് - 2,190 ഹെക്ടർ
2) ചീമേനി എസ്റ്റേറ്റ് - 975 ഹെക്ടർ
3) രാജപുരം എസ്റ്റേറ്റ് - 1,522 ഹെക്ടർ
ആകെ - 4,687 ഹെക്ടർ

(ബി) പലയിടങ്ങളിലായി കൃഷിക്ക് അനുയോജ്യമല്ലാത്ത പാറ പ്രദേശങ്ങൾ മാത്രമാണ് തരിശ്ശായി കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly